

# സമ്പൂർണ്ണകൃതികൾ: ഭാഗം VI

കെ. ദാമോദരൻ



## 16. രവീന്ദ്രനാഥ ടാഗോർ

സമ്പൂർണ്ണകൃതികൾ: ഭാഗം VI

കെ. ദാമോദരൻ

(മലയാളം: രാഷ്ട്രീയം, ചരിത്രം)


കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്



© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.



Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.



The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.



The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


16 രവീന്ദ്രനാഥ ടാഗോർ . . . . . . . . . . . . . . . . . . . . 1

1 സാഹചര്യങ്ങൾ . . . . . . . . . . . . 2

2 മനുഷ്യന്റെ മതം . . . . . . . . . . . . 3

3 ബന്ധനങ്ങളിലൂടെ മോചനം . . . . . 4

4 ശാസ്ത്രവും മതവും . . . . . . . . . . . . 5

5 സാർവലൗകികവാദി . . . . . . . . . 6

6 സ്വാതന്ത്ര്യത്തിന്റെ ഗായകൻ . . . . . 7

## 16

# രവീന്ദ്രനാഥ ടാഗോർ

സ്ഥാപിതതാൽപ്പര്യങ്ങളെന്നപോലെ തന്നെ പുരോഗ തിയിലേക്ക് ഉറ്റുനോക്കുന്ന ജനവിഭാഗങ്ങളും തങ്ങളുടെ ആഗ്രഹാഭിനിവേശങ്ങളെ പ്രകടിപ്പിക്കാൻ മതത്തിന്റെയും ആത്മീയവാദത്തിന്റെയും സഹായം തേടാറുണ്ടെന്നു നമ്മൾ കണ്ടുകഴിഞ്ഞു. ഇന്ത്യയുടെ ചരിത്രത്തിൽ പ്രാചീനകാലത്തിലും മധ്യയുഗത്തിലും മാത്രമല്ല, ആധുനിക കാലഘട്ടത്തിലും ഈ സവിശേഷതകാണാം. പത്തൊമ്പതാം നൂറ്റാണ്ടിലെയും ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിലെയും രാഷ്ട്രീയ നേതാക്കന്മാരും ചിന്തകന്മാരും സാഹിത്യകാരന്മാരുമെല്ലാം മതത്തിന്റെയും ആത്മീയവാദത്തിന്റെയും അടിസ്ഥാനത്തിലാണ് തങ്ങളുടെ സൃഷ്ടിപരമായ പ്രവർത്തനങ്ങൾ നടത്തിയത്. സംസാരബന്ധങ്ങളിൽ നിന്നു മോചനം നേടാൻ വേണ്ടി സന്യാസം സ്വീകരിക്കുകയല്ല, ഐഹികജീവിതത്തെ മാറ്റിമറിക്കാൻ പറ്റിയ സാമൂഹ്യ–രാഷ്ട്രീയ–സാംസ്കാരിക പ്രവർത്തനങ്ങളിൽ ഏർപ്പെടുകയാണ് വേണ്ടതെന്ന് അവർ വിശ്വസിച്ചു. പരമ്പരാഗതങ്ങളായ ആചാരങ്ങളും യജ്ഞകർമ്മാദികളും മതപരങ്ങളായ മറ്റു ചടങ്ങുകളും പഴയപടി തുടർന്നുകൊണ്ടു പോകുന്നതിനെ അവരിൽ പലരും അനുകൂലിച്ചില്ല. അവരുടെ മതവിശ്വാസവും ആത്മീയവാദവും ശുഭാപ്തിവിശ്വാസം തുളുമ്പുന്നവയായിരുന്നു. മനുഷ്യന്റെ ആത്മാവ് ഒരു യാഥാർത്ഥ്യമാണെന്ന് അവർ സമ്മതിച്ചു. പക്ഷേ, അത് അപൂർണ്ണവും അവികസിതവുമാണ്. മനുഷ്യന്റെ വ്യക്തിത്വം പൂർണ്ണതയിലെത്തുമ്പോൾ മാത്രമേ ആത്മാവ് പരമാത്മാവുമായി സാത്മ്യം പ്രാപിക്കുകയുള്ളൂ. മനുഷ്യത്വത്തിന്റെ പൂർണ്ണവും സമഗ്രവും സർവതോന്മുഖവുമായ വളർച്ചയാണ് ലക്ഷ്യം. പൂർണ്ണതയ്ക്കു വേണ്ടിയുള്ള ഈ ദാഹം ബോധപൂർവമായോ അബോധപൂർവമായോ ഓരോ പ്രവർത്തനരംഗത്തിലും പ്രതിഫലിച്ചു. വിദേശീയഭരണത്തിനും നാടുവാഴിമേധാവിത്വത്തിനും എതിരായ സമരങ്ങളിൽ പോലും ഇതു സ്പഷ്ടമായി കാണാം. ഇപ്രകാരം പുരോഗമനപരമായ ആത്മീയവാദത്തെ ഉയർത്തിപ്പിടിച്ച മഹാന്മാരിലൊരാളാണ് രവീന്ദ്രനാഥ ടാഗോർ.

## 1 സാഹചര്യങ്ങൾ

കവി, കലാകാരൻ, തത്വചിന്തകൻ, മനുഷ്യസ്നേഹി, വിദ്യാഭ്യാസവിചക്ഷണൻ, സ്വാതന്ത്ര്യത്തിന്റെ പ്രവാചകൻ—ഇതൊക്കെയായിരുന്ന രവീന്ദ്രനാഥ ടാഗോർ 1861-ലാണ് ജനിച്ചത്. അച്ഛൻ ദേവേന്ദ്രനാഥ ടാഗോർ ഒരു സാമൂഹ്യപരിഷ്കർത്താവും ബ്രഹ്മസമാജത്തിന്റെ നേതാവുമായിരുന്നു. പഴമയും പുതുമയും തമ്മിലുള്ള സംഘട്ടനങ്ങളും അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും മതഭ്രാന്തുകൾക്കും എതിരായ സമരങ്ങളും കൊടുമ്പിരികൊണ്ടിരുന്ന ഒരന്തരീക്ഷത്തിലാണ് രവീന്ദ്രനാഥ ടാഗോർ വളർന്നുവന്നത്. "ചൈനയിലെ പ്രഭാഷണങ്ങൾ" എന്ന പുസ്തകത്തിൽ അദ്ദേഹം തന്റെ സ്വഭാവത്തെയും വീക്ഷണഗതിയെയും രൂപപ്പെടുത്തുന്നതിൽ വളരെയേറെ സ്വാധീനം ചെലുത്തിയ മൂന്നു ഘടകങ്ങളെപ്പറ്റി എടുത്തുപറയുന്നുണ്ട്: ഒന്നാമത്തേത് പത്തൊമ്പതാം നൂറ്റാണ്ടിലെ സുപ്രസിദ്ധ ബംഗാളി സാഹിത്യകാരനായ ബങ്കിംചന്ദ്ര ചാറ്റർജി; രണ്ടാമത്തേത് റാം മോഹൻ റായിയുടെയും ബ്രഹ്മസമാജത്തിന്റെയും ആശയങ്ങൾ; മൂന്നാമത്തേത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ ഉയർന്നുവന്ന ദേശീയ പ്രസ്ഥാനം.

എന്നാൽ, ഇവയിൽ ഒരൊറ്റ ഘടകത്തെപ്പോലും പൂർണ്ണമായി പിന്തുടരാൻ അദ്ദേഹം തയ്യാറായില്ല. ഉദാഹരണത്തിന്, സാഹിത്യകാരനും ദേശാഭിമാനിയുമായ ബങ്കിംചന്ദ്ര ചാറ്റർജിയാണ് അദ്ദേഹത്തെ ആകർഷിച്ചത്, മതപരമായ വിഭാഗീയപ്രവണതകൾ പ്രചരിപ്പിച്ച ബങ്കിംചന്ദ്ര ചാറ്റർജിയല്ല. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനമായപ്പോഴേക്കും ബാലഗംഗാധരതിലകൻ, അരവിന്ദഘോഷ് തുടങ്ങിയ നേതാക്കന്മാർ ഒരേസമയത്തുതന്നെ ഹിന്ദു ദേശീയവാദത്തിന്റെയും രാഷ്ട്രീയമായ തീവ്രവാദത്തിന്റെയും വക്താക്കളായി രംഗപ്രവേശം ചെയ്തുകഴിഞ്ഞിരുന്നു. അവരുടെ രാഷ്ട്രീയാദർശങ്ങളോട് ടാഗോറിന് ആനുകൂല്യമായിരുന്നു. പക്ഷേ, മതപുനരുജ്ജീവനസംരംഭങ്ങളിലേക്ക് വലിച്ചിഴക്കപ്പെടാൻ അദ്ദേഹം കൂട്ടാക്കിയില്ല. അദ്ദേഹത്തിന്റെ നോട്ടം ഭൂതകാലത്തിലേക്കായിരുന്നില്ല, ഭാവിയിലേക്കായിരുന്നു. ഹിന്ദുമതോദ്ധാരണ സംരംഭങ്ങളോടുള്ള ഈ എതിർപ്പ്, വാസ്തവത്തിൽ, മതത്തിന്റെയോ ആത്മീയവാദത്തിന്റെയോ നിഷേധമായിരുന്നില്ല. ഇന്ത്യയുടെ സാംസ്കാരികവും ആത്മീയവുമായ പാരമ്പര്യങ്ങളിലടങ്ങിയ എല്ലാ നല്ല വശങ്ങളേയും അദ്ദേഹം ഉൾക്കൊള്ളാൻ ശ്രമിച്ചു. അദ്ദേഹത്തിന്റെ ചില കവിതകളിൽ ശ്വേതാശ്വതരം, കഠം, തൈത്തരീയം തുടങ്ങിയ ഉപനിഷത്തുകളിലടങ്ങിയ ഉൽബോധനങ്ങൾ കാണാം. പുതിയ ആശയങ്ങളുടെ മുമ്പിൽ വാതിൽ കൊട്ടിയടയ്ക്കുന്ന യാഥാസ്ഥിതിക ചിന്താഗതികളെയാണ് അദ്ദേഹം എതിർത്തത്. അദ്ദേഹം എഴുതി: "പ്രാചീനമായ ഒരു ഭൂതകാലത്തെ മുറുക്കിപ്പിടിച്ചിരിക്കുന്ന ജനങ്ങൾക്ക് തങ്ങളുടെ സമ്പാദ്യങ്ങളുടെ പഴക്കത്തെക്കുറിച്ചും തങ്ങളുടെ ചുറ്റുപാടുമുള്ള പഴകിയ മതിൽക്കെട്ടുകളുടെ മഹോന്നതമായ ശ്രേഷ്ഠതയെക്കുറിച്ചും അഭിമാനമുണ്ട്. ഏതെങ്കിലുമൊരു മഹത്തായ ചൈതന്യം, ഏതെങ്കിലും സത്യപ്രേമി, അവരുടെ വലയങ്ങളെ ഭേദിച്ചു കടക്കുകയും ഹൃദയത്തിന്റെ സൂര്യപ്രകാശവും ജീവിതത്തിന്റെ നിശ്വാസങ്ങളും കൊണ്ട് അതിനെ മൂടുകയും ചെയ്യുമ്പോൾ അവർ ക്ഷോഭിക്കുകയും ശുണ്ഠിയെടുക്കുകയും ചെയ്യുന്നു. ആശയങ്ങൾ ചലനമുണ്ടാക്കുന്നു. മുന്നോട്ടേക്കുള്ള എല്ലാ ചലനങ്ങളും ഭദ്രതയ്ക്ക് ആപത്താണെന്നാണ് അവർ കരുതുന്നത്". [1]

തന്റെ മതവിശ്വാസങ്ങളിൽ റാം മോഹൻ റായ് ചെലുത്തിയ വമ്പിച്ച സ്വാധീനത്തെ ടാഗോർ അംഗീകരിക്കുന്നുണ്ട്: "നമ്മുടെ കാലഘട്ടത്തിൽ ഹിന്ദു–മുസ്ലീം–ക്രിസ്ത്യൻ സംസ്കാരങ്ങളിലടങ്ങിയ ചൈതന്യത്തിന്റെ അടിസ്ഥാനപരമായ ഐക്യം കാണാനുള്ള വിശാലമനസ്കത പ്രകടിപ്പിച്ച ഒന്നാമത്തെ മഹാനാണ് റാം മോഹൻ റായ്. നിഷേധത്തിന്റെയല്ല, പൂർണ്ണമായ ജ്ഞാനത്തിന്റെ, അടിസ്ഥാനത്തിലുള്ള ഇന്ത്യയുടെ സമഗ്രതയെ അദ്ദേഹം പ്രതിനിധീകരിക്കുന്നു. എന്റെ നാട്ടുകാർ പ്രായോഗികജീവിതത്തിൽ അദ്ദേഹത്തെ പരിത്യജിച്ചിരിക്കുകയാണ്. എങ്കിലും, ഞാനദ്ദേഹത്തെ പിന്തുടരുന്നു". [2] റാം മോഹൻ സ്ഥാപിച്ച ബ്രഹ്മസമാജമാണ് അദ്ദേഹത്തിന് തത്വചിന്തയുടെ പ്രാഥമികപാഠങ്ങൾ നൽകിയത്. എങ്കിലും, സമാജത്തിന്റെ ആചാരങ്ങളോ ചടങ്ങുകളോ ആശയങ്ങളോ തത്വചിന്ത പോലുമോ അദ്ദേഹത്തിനു സ്വീകാര്യമായിരുന്നില്ല. എന്തെന്നാൽ, ജാതിവ്യവസ്ഥയ്ക്കും മതത്തിന്റെ സ്ഥാപിതസാന്മാർഗിക നിയമങ്ങൾക്കും എതിരായ ഒരു കലാപമെന്ന നിലയ്ക്കാരംഭിച്ച ബ്രഹ്മസമാജം ക്രമത്തിൽ ഒരു വിഭാഗീയപ്രസ്ഥാനമായി അധഃപതിക്കുകയാണ് ചെയ്തത് എന്ന് അദ്ദേഹം മനസ്സിലാക്കി. എല്ലാത്തരം വിഭാഗീയതകൾക്കും എതിരായ ഒരു നിലപാടിൽ നിന്നുകൊണ്ടാണ് അദ്ദേഹം പരമാത്മാവിനെപ്പറ്റിയും ഈശ്വരനെപ്പറ്റിയും പ്രപഞ്ചത്തെപ്പറ്റിയും പ്രപഞ്ചവും മനുഷ്യനും തമ്മിലുള്ള ബന്ധത്തെപ്പറ്റിയുമുള്ള തന്റെ സ്വന്തം ആശയങ്ങൾക്കു രൂപം നൽകിയത്.

ടാഗോറിന്റെ തത്വചിന്തകൻ പലപ്പോഴും നിഗൂഢതയുടെ ഉന്നതശൃംഗങ്ങളിലേക്കു പറന്നുപോകുന്നു. കാവ്യാത്മകതയുടെ സ്വർണ്ണാവരണമണിഞ്ഞുകൊണ്ടാണ് അദ്ദേഹത്തിന്റെ പരമാത്മാവ് പ്രത്യക്ഷപ്പെടുന്നത്. പക്ഷേ, അത് അരൂപമോ നിർഗുണമോ ഏകമേവാദ്വിതീയമോ അല്ല, അനന്തങ്ങളായ സിദ്ധികളിലൂടെ പ്രപഞ്ചത്തിലും മനുഷ്യനിലും പ്രകടമാകുന്ന സരൂപയാഥാർത്ഥ്യമാണ്. പ്രപഞ്ചം മിഥ്യയാണെന്നും ബ്രഹ്മം മാത്രമാണ് സത്യം എന്നും പ്രഖ്യാപിക്കുന്ന ഏകതത്വവാദം ടാഗോറിനെ ആകർഷിച്ചില്ല. എന്തെന്നാൽ, അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, "അദ്വിതീയമായ ഏകം ശൂന്യതയാണ്. ദ്വിതീയമായ ആ മറ്റൊന്നാണ് അതിനെ യഥാർത്ഥമാക്കുന്നത്". [3] ജീവിതത്തിന് സൗന്ദര്യം നൽകുന്ന പ്രാപഞ്ചിക വൈവിദ്ധ്യങ്ങളിലൂടെയാണ് പരമാത്മാവ് പ്രകടമാകുന്നത്. അതുകൊണ്ട്, വൈവിദ്ധ്യങ്ങൾ അയഥാർത്ഥങ്ങളല്ല. അവയില്ലെങ്കിൽ പരമാത്മാവിനു നിലനിൽക്കാൻ കഴിയില്ല. ടാഗോർ എഴുതുന്നു: "നമ്മുടെ മാനുഷികാത്മാവിനാൽ ഗ്രഹിക്കപ്പെടുന്ന വ്യാവഹാരികലോകത്തിലേ മതത്തിനു പ്രസക്തിയുള്ളൂ. അതുകൊണ്ട്, ബ്രഹ്മത്തെക്കുറിച്ചുള്ള കേവല സങ്കല്പം എന്റെ ചർച്ചാവിഷയമല്ല... ദിവ്യമായ യാഥാർത്ഥ്യത്തിന് എന്തു പേരിട്ടാലും ശരി, നമ്മുടെ മതചരിത്രത്തിൽ അതിന് ഏറ്റവും ഉന്നതമായ ഒരു സ്ഥാനം ലഭിച്ചിട്ടുള്ളത് അതിന്റെ മാനുഷികമായ സ്വഭാവം കൊണ്ടാണ്. ഈ മാനുഷികസ്വഭാവമാണ് പാപപുണ്യങ്ങളെക്കുറിച്ചുള്ള ആശയങ്ങൾക്ക് അർത്ഥം കല്പിച്ചുകൊടുക്കുകയും മനുഷ്യന്റെ ആന്തരികപ്രകൃതിയുമായി ഇണങ്ങിച്ചേരുന്ന പൂർണ്ണതയെക്കുറിച്ചുള്ള എല്ലാ ആദർശങ്ങൾക്കും ശാശ്വതമായ ഒരു പശ്ചാത്തലമൊരുക്കിക്കൊടുക്കുകയും ചെയ്യുന്നത്". [4] മാനുഷികരൂപത്തിലുള്ള പരമാത്മാവാണ് പ്രപഞ്ചത്തിലൂടെ പ്രത്യക്ഷപ്പെടുന്നത്. "പ്രപഞ്ചം മനുഷ്യന്റെ പ്രകടരൂപമല്ലെങ്കിൽ പിന്നെ അതൊരു കുറ്റൻ കാപട്യമാണ്" [5] എന്നദ്ദേഹം പറയുന്നു. അദ്ദേഹത്തിന്റെ തത്വചിന്തകളുടെ കേന്ദ്രബിന്ദു മനുഷ്യനാണ്, ദൈവമല്ല. ദൈവത്തെക്കുറിച്ചുള്ള സത്യം മനുഷ്യനെക്കുറിച്ചുള്ള സത്യം തന്നെയാണ്. പ്രപഞ്ചമെന്നത് മനുഷ്യപ്രപഞ്ചമാണ്. ഒരിക്കൽ ഐൻസ്റ്റീനുമായി നടത്തിയ ഒരു വാദപ്രതിവാദത്തിനിടയിൽ അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി: "മനുഷ്യരാശിയുമായി ഒരുതരത്തിലും ബന്ധപ്പെടാത്ത ഏതെങ്കിലും തത്വമുണ്ടെങ്കിൽ ആ തത്വം നമ്മെ സംബന്ധിച്ചിടത്തോളം നിലനിൽക്കുന്നില്ല". [6] എല്ലാ തത്വങ്ങളും മനുഷ്യന് വേണ്ടിയാണ് നിലനിൽക്കുന്നത് എന്ന് അദ്ദേഹം ഉറപ്പിച്ചുപറഞ്ഞു.

---

1. Willmer Brothers (pub): Contemporary Indian Philosophy, P. 25.
2. Rabindranath Tagore: The Religion of Man, P. 17.
3. Rabindranath Tagore: Fire Files, No. 52.
4. Tagore: The Religion of Man.
5. Tagore: Personality, P. 71.
6. Tagore: Religion, P. 225.

## 2 മനുഷ്യന്റെ മതം

ടാഗോറിന്റെ മതം മനുഷ്യന്റെ മതമാണ്. “അനന്തമായത് മനുഷ്യരാശിയാണ് എന്നു വിശദീകരിക്കുന്ന മതമാണ്—മനുഷ്യന്റെ മതമാണ്—എന്റെ മതം” എന്ന് അദ്ദേഹം അവകാശപ്പെടുന്നു. “നമ്മുടെ ദൈവവും മനുഷ്യൻ തന്നെ”. ഒരു ഭാഗത്ത് അദ്ദേഹം മനുഷ്യനെ ദൈവമായി കാണാൻ ശ്രമിച്ചു. മറുഭാഗത്ത് ദൈവത്തെ മനുഷ്യനായി കാണാനും. “പൂർണ്ണതയുടെ ഏറ്റവും മഹത്തായ മാതൃകയാണ് ദൈവം” എന്നും “ആ മാതൃകയിലെത്തിച്ചേരാനുള്ള അവിരാമമായ പ്രയത്നമാണ് മനുഷ്യൻ” എന്നും അദ്ദേഹം പ്രഖ്യാപിച്ചു. പൂർണ്ണതയ്ക്കുവേണ്ടിയും വ്യക്തിത്വത്തെ മേൽക്കുമേൽ വളർത്താൻ വേണ്ടിയുമുള്ള മനുഷ്യപ്രയത്നത്തിലാണ് ഈശ്വരചൈതന്യം പ്രകടമാകുന്നത്. നാനാമുഖമായ മനുഷ്യപ്രയത്നത്തെയാണ് ടാഗോർ ഉദ്ദേശിക്കുന്നത്. വ്യക്തി “ആസക്തി കൂടാതെയുള്ള തന്റെ പ്രവർത്തനങ്ങളിലും സയൻസിലും തത്വചിന്തയിലും സാഹിത്യത്തിലും കലയിലും ആരാധനയിലുമെല്ലാം പരമപുരുഷനെ പ്രതിഫലിപ്പിക്കണം; അതാണവന്റെ മതം” [7] എന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. മറ്റൊരിടത്ത് അദ്ദേഹം എഴുതുന്നു: “എന്റെ വളർച്ച ജ്ഞാനത്തിലും സ്നേഹത്തിലും പ്രവൃത്തിയിലും പരമപുരുഷനെ പ്രതിഫലിപ്പിക്കുന്നു. ഇതാണ് എന്റെ സാഫല്യം. നമ്മുടെ മനസ്സിൽ നിന്നും ഇച്ഛാശക്തിയിൽ നിന്നും പ്രവർത്തനത്തിൽ നിന്നും അപൂർണ്ണതയുടെ മൂടുപടം നീങ്ങിപ്പോകുന്നു. അങ്ങനെ നമ്മൾ പരമപുരുഷനുമായുള്ള നമ്മുടെ ബന്ധം വ്യക്തമാക്കുക കൂടി ചെയ്യുന്നു. ഇതാണ് മനുഷ്യന്റെ മതം”. എല്ലാ മനുഷ്യരിലും ദിവ്യമായ ഒരു മഹത്വം ഒളിഞ്ഞുകിടക്കുന്നുണ്ടെന്നും അതു പ്രകടിപ്പിക്കാൻ കഴിയാതെ വരുന്നതാണ് ഏറ്റവും വലിയ നിർഭാഗ്യം എന്നും അദ്ദേഹം പ്രസ്താവിക്കുന്നു.

ഈ വീക്ഷണഗതിക്ക് സ്വാർത്ഥലോലുപമായ ഇടുങ്ങിയ വ്യക്തിത്വവാദവുമായി യാതൊരു ബന്ധവുമില്ല. പൂർണ്ണതയിലേക്കുള്ള മനുഷ്യന്റെ മുന്നേറ്റത്തിന് വ്യക്തിപരവും സാമൂഹികവുമായ രണ്ടു വശങ്ങളുണ്ടെന്ന് ടാഗോർ കരുതുന്നു. വ്യക്തിപരമായ പൂർണ്ണത സാമൂഹ്യമായ പൂർണ്ണതയുമായി അഭേദ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ “വ്യക്തിപരമായ നേട്ടം ഒരിക്കലും കേവലമല്ല. മനുഷ്യർക്കിടയിൽ ഏറ്റവും ഉന്നതമായ പദവിയിലെത്തിയവരുടെ ശക്തികൾ എല്ലാവരുടെയും ശക്തികളായിട്ടാണ് പ്രകടിപ്പിക്കപ്പെടുന്നത്. അവയെ വേർതിരിക്കാൻ വയ്യ. മനുഷ്യൻ ഒരു വ്യക്തിയെന്ന നിലയ്ക്ക് ഒറ്റപ്പെട്ടു നിൽക്കുന്നേടത്ത്, പരസ്പരസഹകരണം ഗാഢമല്ലാത്തേടത്ത്, കാടത്തം മാത്രമേയുണ്ടാവൂ”. [8]

ഇങ്ങനെ, ടാഗോറിന്റെ അഭിപ്രായത്തിൽ ജീവാത്മാവും പരമാത്മാവും തമ്മിലുള്ള ബന്ധത്തിന്റെ പിന്നിൽ മനുഷ്യനും സമുദായവും തമ്മിലുള്ള ബന്ധമാണുള്ളത്. ഈശ്വരസാക്ഷാൽക്കാരത്തിനുള്ള മാർഗ്ഗം മനുഷ്യന്റെ പൂർണ്ണത കൈവരുത്താൻ വേണ്ടിയുള്ള പ്രവർത്തനമാണ്. മനുഷ്യന്റെ പൂർണ്ണതയാകട്ടെ, സമുദായത്തിന്റെ പൂർണ്ണതയുമായി അഭേദ്യമാംവിധം ബന്ധപ്പെട്ടിരിക്കുകയും ചെയ്യുന്നു. ടാഗോറിനെ സംബന്ധിച്ചിടത്തോളം, ഈശ്വരവിശ്വാസം മനുഷ്യന്റെ ആന്തരികമായ നന്മകളിലും കഴിവുകളിലുമുള്ള വിശ്വാസവും ഈശ്വരഭക്തി മനുഷ്യസ്നേഹവുമാണ്.

ഭാരതീയചിന്തയിലെ കേവലങ്ങളും അമൂർത്തങ്ങളുമായ ആദ്ധ്യാത്മികസിദ്ധാന്തങ്ങളെ മനുഷ്യമഹത്വവുമായി കൂട്ടിയിണക്കാനാണ് ടാഗോർ പരിശ്രമിച്ചത്. ആ പരിശ്രമത്തിന്റെ ഉപാധികളായിരുന്നു സ്നേഹവും ഐക്യബോധവും. അദ്ദേഹമെഴുതി: “സ്നേഹത്തിന്റെ വെളിച്ചംകൊണ്ട് നമ്മുടെ ആത്മാവ് പ്രകാശമാനമായിത്തീരുമ്പോൾ അത് മറ്റുള്ളവരുടേതിൽ നിന്ന് ഭിന്നമാണെന്ന നിഷേധഭാവത്തിനു പ്രസക്തിയില്ലാതായിത്തീരുന്നു. ഭിന്നത അവസാനിക്കുമ്പോൾ മനുഷ്യന് വസ്തുക്കളുടെ സത്യത്തെ അവയുടെ സാർവത്രികമായ ഐകരൂപ്യത്തിൽ കാണാൻ കഴിയുന്നു”. പ്രാകൃതമനുഷ്യർക്കിടയിലുണ്ടായിരുന്ന ഐക്യബോധമാണ് ആദ്ധ്യാത്മികാഭിനിവേശങ്ങളുടേയും ദൈവസങ്കൽപ്പങ്ങളുടേയും ഉറവിടമെന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചു. തന്റെ ഈ ആശയത്തെ അദ്ദേഹം ഇങ്ങനെ വിശദീകരിച്ചു: “മനുഷ്യന് ആദ്യമായി തന്നെക്കുറിച്ചുള്ള ബോധമുദിച്ചതു മുതൽക്കുതന്നെ തന്നിലൂടെ തന്റെ സമുദായത്തിൽ പ്രകടമായിത്തീർന്ന നിഗൂഢമായ ഐക്യവാഞ്ഛയെക്കുറിച്ചും ബോധമുണ്ടായി. വ്യക്തികൾ തമ്മിലുള്ള ബന്ധത്തിന്റെ അതിസൂക്ഷ്മമായ ഒരു മാധ്യമമാണത്. അതിന്റെ ഉദ്ദേശ്യം ദൈനംദിനജീവിതത്തിലെ എന്തെങ്കിലും പ്രയോജനമല്ല, അതിന്റെ തന്നെ അന്തിമസത്യമാണ്. അത് സംഖ്യകളുടെ ഒരു തുകയല്ല, ഒരു ജീവിതമൂല്യമാണ്. ഈ വ്യാപകമായ ഐക്യബോധത്തിന് ദൈവികമായ ഒരു സ്വഭാവമുണ്ടെന്നും വ്യക്തിപരമായി തനിക്കുള്ളതെല്ലാം ത്യാഗം ചെയ്യണമെന്ന് തന്നോടാവശ്യപ്പെടാൻ അതിനവകാശമുണ്ടെന്നും പരിമിതമായ സ്വന്തം ആത്മാവിനപ്പുറത്തുള്ള ഏറ്റവും ഉൽക്കൃഷ്ടമായ സ്വാതന്ത്ര്യത്തെ പ്രതിനിധീകരിക്കുന്ന പരമോന്നതമായ ഒരർത്ഥം അതിലടങ്ങിയിട്ടുണ്ടെന്നും മനുഷ്യൻ എങ്ങനെയോ ധരിച്ചുവച്ചിരിക്കുന്നു”. ഇതേ ആശയം തന്നെ അദ്ദേഹം മറ്റൊരുതരത്തിൽ വിശദീകരിക്കുകയുണ്ടായി: “മനുഷ്യർക്ക് സാമൂഹ്യമായ കമ്യൂണിസത്തിന്റെ വിശാലജീവിതത്തിൽ, സംഗീതത്തിലെന്നപോലെ, നിഗൂഢമായ ഐക്യം അനുഭവപ്പെടുന്നു. ഈ ഐക്യബോധത്തിൽ നിന്നാണ് അവർക്ക് തങ്ങളുടെ ദൈവത്തെക്കുറിച്ചുള്ള ബോധമുണ്ടായത്. ഇങ്ങനെ ഓരോ മതവും അതിന്റെ കുലഗോത്രദൈവത്തോടുകൂടിയാണ് ആരംഭിക്കുന്നത്”. [9]

---

7. Ibid.
8. Tagore: Letters from Russia, P. 146.
9. Tagore: Creative Unity, P. 22.

## 3 ബന്ധനങ്ങളിലൂടെ മോചനം

മനുഷ്യന്റെ അന്തസ്സത്തയുടെ ഉള്ളിലേക്കിറങ്ങിപ്പോവുകയോ ഐഹിക ജീവിതത്തിനപ്പുറത്തുള്ള ശൂന്യതയിലേക്കു പറന്നുപോവുകയോ ചെയ്യുന്ന ഒരാത്മീയവാദമായിരുന്നില്ല ടാഗോറിന്റേത്. അദ്ദേഹത്തിന്റെ നിഗൂഢതാവാദം വിരക്തിയെയോ സന്യാസത്തെയോ അനുകൂലിക്കുന്നില്ല. തന്റെ കാലഘട്ടത്തിലെ സാമൂഹ്യ-രാഷ്ട്രീയ സംഭവവികാസങ്ങളിൽ അത്യധികം ശ്രദ്ധയും താല്പര്യവുമുള്ള ഒരാളായിരുന്നതുകൊണ്ട് ജനങ്ങളുടെ ദൈനംദിന ജീവിതവുമായി ബന്ധമില്ലാത്ത ഒരാത്മീയവാദത്തിലേക്കു വഴുതിപ്പോകാൻ അദ്ദേഹത്തിനു സാധിച്ചില്ല. അദ്ദേഹം എഴുതി: "എനിക്ക് ഈ സുന്ദരമായ ലോകത്തിൽ നിന്ന് ഉടനെ മോചനം ലഭിക്കണമെന്ന യാതൊരാഗ്രഹവുമില്ല. ആകാശവും സമുദ്രവും ചക്രവാളവുമുള്ള അനുഗൃഹീതമായ ഈ ലോകത്തിൽ എന്റെ സഹോദരന്മാരായ മനുഷ്യരുടെ കൂടെ, അവരുടെയിടയിൽ തന്നെ, ജീവിക്കാനാണ് എനിക്ക് കൂടുതൽ താല്പര്യം".

രൂപവും വർണ്ണവും ഗന്ധവുമുള്ള പ്രകൃതിയും, ബുദ്ധി, മനസ്സ്, സ്നേഹം, ദയ മുതലായവയോടുകൂടിയ മനുഷ്യനും ടാഗോറിനെ സർവഥാ ആകർഷിച്ചു. അതുകൊണ്ടാണ് അദ്ദേഹം ഇങ്ങനെ എഴുതിയത്: "ഈ ബന്ധനങ്ങളെ ഞാൻ പുച്ഛിക്കുന്നില്ല. അവ എന്റെ മനസ്സിനെ സ്വതന്ത്രമാക്കാനാണ് സഹായിക്കുന്നത്. അങ്ങനെ എന്റെ സ്വന്തം ബന്ധനത്തിൽ നിന്നുതന്നെ അവ എന്നെ പുറത്തേക്കു വികസിപ്പിക്കുന്നു". അദ്ദേഹത്തിന്റെ തത്വശാസ്ത്രത്തിലെ മുഖ്യമായ ഒരാശയം താഴെ കൊടുത്ത മനോഹരമായ കവിതയിൽ വ്യക്തമായി കാണാം.

> "എന്റെ മോക്ഷം വിരക്തിയിലല്ല; ആനന്ദത്തിന്റെ ആയിരം ശൃംഖലകളിൽ മോചനത്തിന്റെ ആലിംഗനം ഞാൻ അനുഭവിക്കുന്നു;
>
> നിന്റെ വിവിധ വർണ്ണങ്ങളും സുഗന്ധവുമുള്ള വീഞ്ഞിൻ ധാരകൾ നീ എനിക്ക് വേണ്ടി പകർന്നുതരികയും ഈ മൺപാത്രം തുളുമ്പുവോളം നിറയ്ക്കുകയും ചെയ്യുന്നു.
>
> നിന്റെ തീജ്വാലകൊണ്ട് എന്റെ ലോകം അതിന്റെ വ്യത്യസ്തങ്ങളായ നൂറു വിളക്കുകൾ കത്തിക്കുകയും അവയെ നിന്റെ ക്ഷേത്രമണ്ഡപത്തിൽ പ്രതിഷ്ഠിക്കുകയും ചെയ്യും.
>
> ഇല്ല, ഞാനെന്റെ ഇന്ദ്രിയങ്ങളുടെ കവാടങ്ങൾ ഒരിക്കലും അടച്ചിടുകയില്ല; ദർശനത്തിന്റെയും ശ്രവണത്തിന്റെയും സ്പർശനത്തിന്റെയും ആനന്ദങ്ങൾ നിന്റെ ആനന്ദത്തെയാണ് ഉൾക്കൊള്ളുന്നത്.
>
> ഉവ്വ്, എന്റെ എല്ലാ വ്യാമോഹങ്ങളും ആനന്ദത്തിന്റെ ദീപ്തിയായിമാറും. എന്റെ എല്ലാ ആശകളും സ്നേഹത്തിന്റെ കനികളായി മൂത്തുപഴുക്കും". [10]

ടാഗോർ അസാമാന്യപ്രതിഭയുള്ള ഒരു സാഹിത്യകാരനായിരുന്നു. അദ്ദേഹത്തിന്റെ അമ്പതിലേറെ കഥാസമാഹാരങ്ങൾ, നൂറിലേറെ കഥകൾ, പന്ത്രണ്ടു നോവലുകൾ, മുപ്പതിലധികം നാടകങ്ങൾ, ഇരുന്നൂറോളം പ്രബന്ധങ്ങൾ, രണ്ടായിരത്തോളം കവിതകൾ—ഇവയെല്ലാം ഭാരതീയ സംസ്കാരത്തിന്റെയും ഭാരതീയ സാഹിത്യത്തിന്റെയും ഭണ്ഡാരത്തിലേക്കുള്ള സംഭാവനകളാണ്. ഗീതാഞ്ജലിയുടെ കർത്താവെന്ന നിലയ്ക്ക് 1913-ൽ അദ്ദേഹത്തിന് നോബൽ സമ്മാനം കിട്ടി.

വൈഷ്ണവ കവികളുടെ കാവ്യരൂപത്തെ ടാഗോർ അംഗീകരിച്ചു. കബീർ, ചൈതന്യൻ തുടങ്ങിയ ഭക്തിപ്രസ്ഥാന കവികളുടെ സ്വാധീനം അദ്ദേഹത്തിന്റെ കവിതകളിൽ വ്യക്തമായി കാണാം. അദ്ദേഹത്തിന്റെ ആശയങ്ങളിലും പ്രതിരൂപങ്ങളിലുമെല്ലാം ആത്മീയവാദത്തിന്റെയും നിഗൂഢതാവാദത്തിന്റേയും മുദ്ര വന്നിട്ടുണ്ടെന്നത് സംശയത്തിനിടയില്ലാത്തവിധം സ്പഷ്ടമാണ്. എന്നിരിക്കലും, ആത്മീയവാദത്തിന്റെ നിഗൂഢതയിൽ പൊതിഞ്ഞ ആ ചിന്തകൾ ശൂന്യതയെയോ ഉദ്ദേശ്യരാഹിത്യത്തെയോ തേടിപ്പോകുന്നില്ല. അദ്ദേഹത്തിന്റെ നോവലുകളും കഥകളും നാടകങ്ങളും കവിതകളുമെല്ലാം കാലഹരണപ്പെട്ട ആചാരനിയമങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും സാമൂഹ്യാനീതികൾക്കും വിദേശീയഭരണാധികാരികളുടെ മർദ്ദനങ്ങൾക്കും എതിരായ ഒരു സാമൂഹ്യ പരിഷ്കർത്താവിന്റെയും രാജസ്നേഹിയുടെയും വികാരവിചാരങ്ങളെയാണ് നമുക്ക് പകർന്നുതരുന്നത്. ദരിദ്രന്മാരെയും കീഴ്ജാതിക്കാരെയും ഇടിച്ചമർത്തുകയും അതേസമയത്തുതന്നെ വലിയ ആർഭാടത്തോടെ പ്രാർത്ഥനകളും ഭക്തിപ്രകടനങ്ങളും നടത്താൻവേണ്ടി ക്ഷേത്രങ്ങളെ ശരണം പ്രാപിക്കുകയും ചെയ്യുന്നവരുടെ നേരെ അദ്ദേഹത്തിന്റെ കവിതകൾ പരിഹാസം പൊഴിക്കുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഈശ്വരദർശനത്തിന് അമ്പലത്തിലോ പള്ളിയിലോ പോകുന്നതുകൊണ്ട് യാതൊരു കാര്യവുമില്ല. കർഷകൻ നിലം ഉഴുതുമറിക്കുന്നേടത്തും റോഡുപണിക്കാരൻ കല്ലുകൾ ഉടയ്ക്കുന്നേടത്തുമാണ് അവനെ അന്വേഷിക്കേണ്ടത്. വെയിലത്തും മഴയത്തും അവൻ അവിടത്തന്നെയുണ്ടാവും. അവന്റെ വസ്ത്രങ്ങൾ പൊടിനിറഞ്ഞവയായിരിക്കും. "വൈദികത്വത്തിന്റെ പുറം കുപ്പായം എടുത്തുമാറ്റൂ. എന്നിട്ട് അവനെപ്പോലെ പൊടിനിറഞ്ഞ മണ്ണിലേക്ക് ഇറങ്ങിവരിക". [11]

---

10. Rabindranath Tagore, Gitanjali.
11. Tagore: Gora.

# 4 ശാസ്ത്രവും മതവും

പരമമായ ഒരു ശക്തിവിശേഷത്തിൽ ടാഗോറിനു വിശ്വാസമുണ്ടായിരുന്നു. എങ്കിലും, ശാസ്ത്രത്തെ അദ്ദേഹം അവഗണിച്ചില്ല. അദ്ദേഹം എഴുതി: “ശാസ്ത്രമേഖലയിൽ അനുസ്യൂതമായി ഗവേഷണങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ഒരു രാജ്യത്തിൽ ശാസ്ത്രജ്ഞാനം കുറേശ്ശെ കുറേശ്ശെയായി ഇടവിടാതെ പരന്നുപിടിച്ചുകൊണ്ടിരിക്കും. ഇതിന്റെ ഫലമായി നമ്മുടെ ഹൃദയങ്ങളിൽ ശാസ്ത്രീയചിന്തയ്ക്ക് പറ്റിയ ആരോഗ്യകരമായ ഒരന്തരീക്ഷമുണ്ടാവുന്നു”. പക്ഷേ, “ആദ്യന്തവിഹീനനായ ആ ശക്തി” അല്ലെങ്കിൽ “സർവാത്മാവായ ഈശ്വരൻ” എല്ലാ ശാസ്ത്രങ്ങൾക്കും അതീതനാണെന്ന് അദ്ദേഹം വിശ്വസിച്ചു. “നമ്മുടെ യുക്തിചിന്തയുടെ ലോകമാണ് ശാസ്ത്രലോകം. അതിന് അതിന്റേതായ മാഹാത്മ്യവും ഉപയോഗവും ആകർഷകത്വവുമുണ്ട്. അതിന് അർഹമായ മാന്യത നൽകാൻ നാം തയ്യാറാണുതാനും. എന്നാൽ, അത് നമുക്കുവേണ്ടി യഥാർത്ഥലോകം കണ്ടുപിടിച്ചു കഴിഞ്ഞിരിക്കുന്നു എന്ന് അവകാശപ്പെടുകയും ലളിതമനസ്കരായ മനുഷ്യരുടെ ലോകത്തെ പുച്ഛിക്കുകയും ചെയ്യാൻ തുടങ്ങുമ്പോൾ അത് സ്വന്തം രാജാവിന്റെ സിംഹാസനം പിടിച്ചുപറ്റി അധികാരമത്തനായിത്തീർന്ന ഒരു സൈന്യാധിപനെപ്പോലെയാകുമെന്ന പറയാതിരിക്കാൻ വയ്യ. കാരണം, ലോകത്തിന്റെ യാഥാർത്ഥ്യം മനുഷ്യന്റെ വ്യക്തിവൈശിഷ്ട്യത്തിലാണ് കിടക്കുന്നത്, യുക്തിവിചാരത്തിലല്ല. ശാസ്ത്രത്തിന്റെ കഴിവുമൂലം ഭൂമിശാസ്ത്രപരമായ പ്രതിബന്ധങ്ങൾ കുറയുകയും ലോകത്തിലെങ്ങുമുള്ള ജനങ്ങൾ പരസ്പരം അടുക്കുകയും ചെയ്തിരിക്കുന്നു. വ്യത്യസ്തരാഷ്ട്രങ്ങൾ പരസ്പരം അടുത്തുകഴിഞ്ഞിട്ടുണ്ട്. എന്നാൽ, ആന്തരമായ ഐക്യത്തിന്റെ കാര്യമോ? ബാഹ്യസൗകര്യങ്ങൾ കാരണം വിവിധ രാഷ്ട്രങ്ങളിലെ ജനങ്ങളും വിവിധ ജാതിക്കാരും തമ്മിൽ അടുത്തുകൊണ്ടിരിക്കുന്നുണ്ട്. പക്ഷേ, അത് ഒരു ഒത്തുചേരൽ മാത്രമാണ്. ആന്തരികമായ ബന്ധംകൊണ്ട് ഒന്നായിത്തീരലല്ല”.

എന്നാൽ, ശാസ്ത്രങ്ങൾക്കതീതമായ ഈ പരമശക്തി പ്രകൃതിയുടെ സാധാരണ പ്രവർത്തനങ്ങളിലോ മാനുഷികബന്ധങ്ങളുടെ ക്രമീകരണത്തിലോ ഒരു തരത്തിലും ഇടപെടുന്നില്ല എന്ന് ടാഗോർ ഉറപ്പിച്ചുപറയുന്നു. അദ്ദേഹവും മഹാത്മാഗാന്ധിയും തമ്മിൽ നടന്ന ഒരു വാദപ്രതിവാദം ഈ വിഷയത്തെ സംബന്ധിച്ച രസകരമായ ചില കാര്യങ്ങൾ വെളിപ്പെടുത്തുന്നുണ്ട്. 1934-ൽ ബീഹാറിലുണ്ടായ ഭയങ്കരമായ ഭൂകമ്പം ആയിരക്കണക്കിലുള്ള ജനങ്ങളുടെ മരണത്തിനും കോടിക്കണക്കിൽ ഉറുപ്പിക വില വരുന്ന സ്വത്തുക്കളുടെ നാശത്തിനും ഇടവരുത്തുകയുണ്ടായി. ഈ അത്യാപത്തു മുഴുവൻ സംഭവിച്ചത് സവർണ്ണ ഹിന്ദുക്കൾ ദരിദ്രരായ ഹരിജനങ്ങളോടു കാണിച്ചുപോന്ന അനീതികളുടെയും അക്രമങ്ങളുടേയും നേർക്ക് ദൈവം കോപിച്ചതുകൊണ്ടാണെന്ന് ഗാന്ധി പ്രസ്താവിച്ചു. ആ പ്രസ്താവനയെ വിമർശിച്ചുകൊണ്ട് ടാഗോർ ചൂണ്ടിക്കാണിച്ചു. ഭൂകമ്പം പ്രകൃതിയുടെ ഒരു പ്രതിഭാസം മാത്രമാണെന്നും ഈശ്വരന് അതിൽ യാതൊരു പങ്കുമില്ലെന്നും. അദ്ദേഹം ചോദിച്ചു: കുറ്റക്കാരെ ശിക്ഷിക്കലാണ് ഉദ്ദേശ്യമെങ്കിൽ ഈശ്വരൻ നിരപരാധികളായ ജനങ്ങൾക്ക് ഇത്രയധികം കഷ്ടപ്പാടുണ്ടാക്കിത്തീർത്തതെന്തിനാണ്? നിരപരാധികളെ ശിക്ഷിക്കുന്ന ഈശ്വരൻ ഒരു യഥാർത്ഥ ഈശ്വരനാവുന്നതെങ്ങനെയാണ്? ഗാന്ധി വിട്ടുകൊടുത്തില്ല. അദ്ദേഹം ഉറപ്പിച്ചു പറഞ്ഞു: ദൈവത്തിന്റെ അറിവ് കൂടാതെ യാതൊന്നും നടക്കില്ല; ഒരിലപോലും ഇളകില്ല. ദൈവത്തിന്റെ പ്രവൃത്തികളെ തർക്കശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ വിശദീകരിക്കാനോ ന്യായീകരിക്കാനോ സാദ്ധ്യമല്ല. ഈ വാദപ്രതിവാദം ടാഗോറിന്റെയും ഗാന്ധിയുടെയും മതപരമായ വീക്ഷണങ്ങളിലുള്ള വ്യത്യാസത്തെ വെളിപ്പെടുത്തുന്നു.

## 5 സാർവലൗകികവാദി

ടാഗോർ ജാതിമതവ്യത്യാസങ്ങൾക്കതീതനായ ഒരു സാർവലൗകികവാദിയായിരുന്നു. തന്റെ ഈ ആശയം അദ്ദേഹം ഇങ്ങനെ പ്രകടിപ്പിക്കുന്നു: “ഇന്നെനിക്ക് ഹിന്ദുക്കൾക്കും മുസൽമാന്മാർക്കും ക്രിസ്ത്യാനികൾക്കും ബ്രഹ്മമതക്കാർക്കും എല്ലാവർക്കും ഒരുപോലെ അവകാശപ്പെട്ട ആ ദൈവത്തെക്കുറിച്ചുള്ള മന്ത്രം തരു. ആ ദൈവത്തിന്റെ വാതിലുകൾ യാതൊരാളുടെ മുമ്പിലും—അവൻ ഏതു ജാതിയിൽ പെട്ടവാനായാലും ശരി—ഒരിക്കലും കൊട്ടിയടയ്ക്കപ്പെടുന്നില്ല. അവൻ ഹിന്ദുക്കളുടെ മാത്രം ദൈവമല്ല, ഇന്ത്യയുടെയാകെ ദൈവമാണ്”. [12]

നമ്മൾ കണ്ടുകഴിഞ്ഞതുപോലെ തിലകൻ, അരവിന്ദഘോഷ് തുടങ്ങിയ തീവ്രവാദികളുടെ രാജ്യസ്നേഹം ഹിന്ദു ദേശീയത്വത്തിന്റെ അടിസ്ഥാനത്തിലുള്ളതായിരുന്നു. ടാഗോർ, നേരെമറിച്ച്, ജാതിമത വിദ്വേഷങ്ങൾക്കു സ്ഥാനമില്ലാത്ത ഒരു രാജ്യസ്നേഹത്തെയാണ് ഉയർത്തിപ്പിടിച്ചത്. ‘ജനഗണമന’ എന്നു തുടങ്ങുന്ന ഇന്ത്യയുടെ ദേശീയഗാനത്തിന്റെ കർത്താവാണദ്ദേഹം. ആ ഗാനത്തിലടങ്ങിയ ഒരാശയം ഇങ്ങനെ സംഗ്രഹിക്കാം: “നീ എല്ലാ ജനങ്ങളുടെയും മനസ്സുകളെ ഭരിക്കുന്നവനാണ്, നിന്റെ ശബ്ദം രാവും പകലും നാടുതോറും ചുറ്റി ഹിന്ദുക്കളെയും ബൗദ്ധരെയും സിക്കുകാരെയും ജൈനരെയും പാർസികളെയും മുസ്ലീങ്ങളെയും ക്രിസ്ത്യാനികളെയും എല്ലാം നിന്റെ സിംഹാസനത്തിനു ചുറ്റും വിളിച്ചുവരുത്തുന്നു. പൗരസ്ത്യരും പാശ്ചാത്യരും നിന്റെ ദേവാലയത്തിലേക്ക് വഴിപാടുകൾ കൊണ്ടുവരുന്നു. നീ വിജയിക്കട്ടെ, വിജയിക്കട്ടെ, വിജയിക്കട്ടെ!”

ടാഗോറിന്റെ രാജ്യസ്നേഹം ഇടുങ്ങിയ ദേശീയബോധമായിരുന്നില്ല. സാർവദേശീയത്വവുമായി ഒട്ടുംതന്നെ വൈരുദ്ധ്യമില്ലാത്ത ഒരു ദേശീയബോധമായിരുന്നു അത്. ലോകത്തിലെങ്ങുമുള്ള ജനങ്ങൾക്ക് സ്വാതന്ത്ര്യവും സാഹോദര്യവും സമാധാനവും കൈവരണമെന്നതായിരുന്നു അദ്ദേഹത്തിന്റെ അഭിലാഷം. അദ്ദേഹം എഴുതി: “ഓരോ രാജ്യവും സ്വന്തം ലക്ഷ്യത്തിലെത്തിച്ചേർന്നത് ഒരു വ്യത്യസ്തമാർഗ്ഗത്തിലൂടെയാണ്. ഇത് ആ രാജ്യത്തിന്റെ നാഗരികതയ്ക്ക് ഒരു സവിശേഷപ്രാധാന്യം നൽകിയിരിക്കുന്നു. പക്ഷേ, അതിന്റെ ഫലങ്ങൾ എല്ലാവർക്കും നൽകപ്പെടുന്നു... മനുഷ്യരാശിയിലെ വിവിധവംശങ്ങൾക്കിടയിൽ പ്രകൃതിസഹജമായ വ്യത്യാസങ്ങളുണ്ടെന്ന കാര്യത്തിൽ സംശയമില്ല. അവയെ മാനിക്കുകയും നിലനിർത്തുകയും ചെയ്യേണ്ടതാവശ്യമാണ്. പക്ഷേ, ആ വ്യത്യാസങ്ങളെന്തൊക്കെത്തന്നെയായാലും നമ്മുടെ ഐക്യം സാക്ഷാൽക്കരിക്കാനും വൈരുദ്ധ്യങ്ങളുടെ നൂലാമാലയിൽ സത്യം കണ്ടെത്താനും പറ്റിയ ഒരു വിദ്യാഭ്യാസമാണ് നമുക്കാവശ്യം”.

സാർവലൗകികമായ സാംസ്കാരികബന്ധങ്ങളെ സംബന്ധിച്ചിടത്തോളം മതപുനരുദ്ധരണവാദികളുടേതിൽ നിന്നു വ്യത്യസ്തമായ ഒരു നിലപാടാണ് ടാഗോർ കൈക്കൊണ്ടത്. എല്ലാ സാംസ്കാരികമൂല്യങ്ങൾക്കും—അവ ലോകത്തിന്റെ ഏതുഭാഗത്തു നിന്നു വന്നവയായാലും ശരി—അദ്ദേഹം തന്റെ മനസ്സിന്റെ വാതിൽ തുറന്നുകൊടുത്തു. വിദേശീയമാണെന്നതുകൊണ്ടു മാത്രം യാതൊരു സംസ്കാരത്തോടും അദ്ദേഹത്തിന് എതിർപ്പുണ്ടായിരുന്നില്ല. അദ്ദേഹം പറഞ്ഞു: “എനിക്ക് ഒരു സംസ്കാരത്തോടും, അതിന്റെ വിദേശീയസ്വഭാവം കൊണ്ടുമാത്രം, അവിശ്വാസമില്ലെന്ന കാര്യം വ്യക്തമാക്കട്ടെ. മറിച്ച്, അത്തരം ബാഹ്യശക്തികളിൽ നിന്നുള്ള ആഘാതം നമ്മുടെ ബൗദ്ധികപ്രകൃതിയുടെ ഓജസ്സിന് ആവശ്യമാണെന്ന് ഞാൻ വിശ്വസിക്കുന്നു... യൂറോപ്യൻ സംസ്കാരം നമ്മുടെയിടയിലേക്ക് വന്നപ്പോൾ അത് അതിന്റെ വിജ്ഞാനം മാത്രമല്ല, ഗതിവേഗവും കൊണ്ടുവന്നു”. ജവഹർലാൽ നെഹ്റു ചൂണ്ടിക്കാണിച്ചതുപോലെ, “മറ്റ് ഏത് ഇന്ത്യക്കാരനെക്കാളുമധികം അദ്ദേഹം (ടാഗോർ) കിഴക്കും പടിഞ്ഞാറും തമ്മിൽ രഞ്ജിപ്പുണ്ടാക്കാൻ സഹായിക്കുകയും അങ്ങനെ ഇന്ത്യൻ ദേശീയത്വത്തിന്റെ അടിത്തറ വിപുലമാക്കുകയും ചെയ്തിട്ടുണ്ട്. ഇന്ത്യയിലെ ഏറ്റവും നല്ല സാർവലൗകികവാദി അദ്ദേഹമാണ്. അദ്ദേഹം സാർവദേശീയ സഹകരണത്തിൽ വിശ്വസിക്കുകയും അതിനുവേണ്ടി പരിശ്രമിക്കുകയും ചെയ്തു. ഇന്ത്യയുടെ സന്ദേശം മറ്റു രാജ്യങ്ങളിലെത്തിക്കുകയും മറ്റു രാജ്യങ്ങളുടെ സന്ദേശങ്ങൾ തന്റെ സ്വന്തം നാട്ടുകാർക്കിടയിലേക്ക് കൊണ്ടുവരികയും ചെയ്തു”. [13]

എന്നാൽ, വൈദേശികജീവിതരീതികളുടെ പുറംപൂച്ചിൽ അദ്ദേഹം ഭ്രമിച്ചുവശായില്ല. 1941-ൽ, തന്റെ എൺപതാം പിറന്നാൾദിവസം, തെല്ലൊരു വേദനയോടെ അദ്ദേഹം പറയുകയുണ്ടായി: “ബ്രിട്ടീഷ് സംസ്കാരത്തിന്റെ ആകർഷകങ്ങളായ വശങ്ങളിൽ മയങ്ങിനിന്നപ്പോൾ അത് ചിരന്തനങ്ങളായ ജീവിതമൂല്യങ്ങളെ ഇത്രയും ക്രൂരമായ രീതിയിൽ വികൃതമാക്കിത്തീർക്കുമെന്ന് ഞാൻ ഒരിക്കലും കരുതിയില്ല. നമ്മുടെ നാട്ടിലെ ജനങ്ങളുടെ നേരെ ഒരു പരിഷ്കൃതരാഷ്ട്രം കാണിക്കുന്ന വെറുപ്പിന്റെയും ക്രൂരതയുടെയും ചിഹ്നമാണ് ആ വൈകൃതമെന്ന് ഞാനിപ്പോൾ മനസ്സിലാക്കുന്നു”. [14]

അതേ പ്രബന്ധത്തിൽ തന്നെ അദ്ദേഹം മുപ്പതുകളുടെ ആരംഭത്തിൽ തനിക്ക് മോസ്കോവിലുണ്ടായ അനുഭവങ്ങളെപ്പറ്റിയും പ്രതിപാദിക്കുന്നുണ്ട്. “തങ്ങളുടെ രാജ്യത്തിൽ നിന്ന് രോഗം, നിരക്ഷരത, അറിവില്ലായ്മ, ദാരിദ്ര്യം എന്നിങ്ങനെയുള്ള നാണക്കേടിന്റെ എല്ലാ ബാഹ്യലക്ഷണങ്ങളെയും തുടച്ചുനീക്കാൻ വേണ്ടി റഷ്യക്കാർ അക്ഷീണമായ ഊർജസ്വലതയോടുകൂടി നടത്തുന്ന” പരിശ്രമങ്ങളെ അദ്ദേഹം പ്രശംസിക്കുന്നു. “വംശപരമായ ദുരഭിപ്രായങ്ങളിൽ നിന്നു മോചനം നേടിക്കൊണ്ട് സോവിയറ്റുകൾ തങ്ങളുടെ ഭരണാതിർത്തികളിലൊട്ടുക്കും മനുഷ്യസാഹോദര്യത്തിന്റെ മഹച്ഛക്തിയെ ഉയർത്തിക്കെട്ടിയിരിക്കുന്നു. ഇത്രയും ദ്രുതഗതിയിൽ അവർ നേടിക്കഴിഞ്ഞ അത്ഭുതകരമായ പുരോഗതി എന്നിൽ ഒരേ സമയത്തു തന്നെ ആനന്ദവും അസൂയയും ഉളവാക്കുന്നു”.

---

12. J. Nehru: Discovery of India.
13. Tagore: Towards Universal Man, P. 355.
14. Tagore: Towards Universal Man, P. 355.

## 6 സ്വാതന്ത്ര്യത്തിന്റെ ഗായകൻ

മനുഷ്യന്റെ വ്യക്തിവൈശിഷ്ട്യത്തിന്റെ വികാസത്തിനു വിലങ്ങുതടിയായി നിൽക്കുന്നത് കൊളോണിയലിസമാണ് എന്ന് അദ്ദേഹം മനസ്സിലാക്കി. അതുകൊണ്ടാണ് അദ്ദേഹം ഇന്ത്യയുൾപ്പെടെയുള്ള എല്ലാ അടിമരാജ്യങ്ങളുടെയും സ്വാതന്ത്ര്യത്തിനുവേണ്ടി തന്റെ ശബ്ദമുയർത്തിയത്. 1937-ൽ അദ്ദേഹമെഴുതിയ "ആഫ്രിക്കയ്ക്ക് ഒരു അർച്ചനാഗീതം" എന്ന ഹൃദയസ്പർശിയായ കവിത മർദ്ദനത്തിലാണ്ടുകിടന്ന ആഫ്രിക്കൻ ജനതയോട് അദ്ദേഹത്തിനുണ്ടായിരുന്ന അഗാധമായ സഹാനുഭൂതിയെ വെളിപ്പെടുത്തുന്നു:

> "പരിഷ്കൃതരുടെ പ്രാകൃതമായ ദുരാഗ്രഹം അവരുടെ
> നിർലജ്ജമായ
> മൃഗീയതയെ നഗ്നമാക്കി തുറന്നു കാണിച്ചു.
> നീ കരഞ്ഞു; നിന്റെ കരച്ചിൽ ഞെക്കി
> ഞെരിക്കപ്പെട്ടു.
> കവർച്ചക്കാരുടെ ആണി തറച്ച ചെരുപ്പുകൾ
> നിന്റെ അമർഷത്തിന്റെ ചരിത്രത്തിന്മേൽ
> മായ്ക്കാനാവാത്ത പാടുകൾ പതിച്ചപ്പോൾ
> കാട്ടിലുള്ള നിന്റെ കാല്പാടുകൾ കണ്ണീരിലും
> ചോരയിലും
> കുതിർന്നു മലിനമായി...
> ഇന്ന് പശ്ചിമചക്രവാളത്തിൽ അസ്തമനാകാശം
> പൊടി നിറഞ്ഞ കൊടുങ്കാറ്റുകൊണ്ട് ശ്വാസം
> മുട്ടുമ്പോൾ,
> തമോമയമായ ഗുഹയിൽ നിന്ന്
> പുറത്തേക്കിഴഞ്ഞു വരുന്ന മൃഗം
> ഭയാനകങ്ങളായ അലർച്ചകൾ കൊണ്ട്
> പകലിന്റെ മരണം പ്രഖ്യാപിക്കുമ്പോൾ,
> ഹേ, അന്ത്യകാലകവേ! വരൂ!
> മാനഭംഗം ചെയ്യപ്പെട്ട ആ സ്ത്രീയുടെ വാതിൽക്കൽ
> നിന്നുകൊണ്ട്
> അവളോടു മാപ്പു ചോദിക്കൂ!
> രോഗം പിടിപെട്ട ഒരു വൻകരയുടെ
> സ്വബോധമില്ലാത്ത പേപറച്ചിലിന്നിടയിൽ
> അതായിരിക്കട്ടെ അവസാനത്തെ മഹത്തായ
> വാക്ക്".

ഭൂതകാലത്തിന്റെ മഹത്വത്തെക്കുറിച്ചു പാടുകയും വർത്തമാനകാലത്തിന്റെ മാനക്കേടിനെപ്പറ്റി വിലപിക്കുകയും ചെയ്യതുകൊണ്ടു മാത്രം ടാഗോർ തൃപ്തിപ്പെട്ടില്ല. അദ്ദേഹത്തിന്റെ ഭാവന ഭാവിയുടെ ചക്രവാളങ്ങളെ അളന്നു പരിശോധിച്ചു. ഗീതാഞ്ജലി എന്ന സുപ്രസിദ്ധ ഗ്രന്ഥത്തിൽ അദ്ദേഹം തന്റെ സ്വപ്നത്തിലുള്ള ഇന്ത്യയെ നമുക്ക് ഒരുനോക്കു കാണിച്ചുതരുന്നു.

> "നിർഭയമായ മനസ്സ് എവിടെയോ,
> ശിരസ്സ് ഉയർത്തിപ്പിടിക്കപ്പെടുന്നത് എവിടെയോ,
> ജ്ഞാനം സ്വതന്ത്രമായിരിക്കുന്നതെവിടെയോ,
> ഇടുങ്ങിയ ഗൃഹഭിത്തികൾ കൊണ്ട് ലോകം കഷണം
> കഷണമാക്കി
> മുറിക്കപ്പെടാത്തതെവിടെയോ,
> വാക്കുകൾ സത്യത്തിന്റെ അഗാധതയിൽ നിന്നു
> വരുന്നതെവിടെയോ,
> വിവേകത്തിന്റെ തെളിനീരൊഴുക്ക് പഴകിയ
> ശീലങ്ങളുടെ
> മടുപ്പൻമരുഭൂമിയിൽ വഴിതെറ്റാതിരിക്കുന്ന
> തെവിടെയോ,
> മനസ്സ് എന്നെന്നും വികസ്വരമായിരിക്കുന്ന
> ചിന്തയിലേക്കും
> പ്രവൃത്തിയിലേക്കും നിന്നാൽ മുന്നോട്ടു
> നയിക്കപ്പെടുന്നതെവിടെയോ,
> സ്വാതന്ത്ര്യത്തിന്റെ ആ സ്വർഗ്ഗത്തിലേക്ക്
> പിതാവേ,
> എന്റെ നാട് ഉണരേണമേ!"

1930-ൽ തന്റെ നാട്ടുകാരോട് അദ്ദേഹം പറഞ്ഞു: "അവർ നമ്മുടെ രാജ്യത്തെ കെട്ടിയിടാനുപയോഗിച്ച ശൃംഖലകളെ തുടരെത്തുടരെയുള്ള ആക്രമണം കൊണ്ടു പൊട്ടിച്ചു കളയണം. ഓരോ സമരവും ദുസ്സഹമായ ഒരു വേദനയാണ്. പക്ഷേ, അടിമത്തത്തിൽ നിന്നു മോചനം നേടാൻ വേറെ മാർഗ്ഗമില്ല". ഇതേ ആവേശത്തോടെ 1941-ൽ അദ്ദേഹം വീണ്ടും എഴുതി:

> "പരിഷ്കൃതമെന്നു വിളിക്കപ്പെടുന്ന ആ ഭരണം നമുക്ക് നൽകിയിട്ടുള്ളത് നിയമവും നീതിയും പൊലീസ് വാഴ്ച്ചയുള്ള ഉപകരണങ്ങളുമാണ്. സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള അഭിനിവേശം നഗ്നമായ ശക്തിപ്രകടനത്തിന്റെ മുമ്പിൽ വഴങ്ങിയിരിക്കുന്നു. മാനുഷികബന്ധങ്ങളിൽ ഏറ്റവും വിലപിടിച്ച അംശങ്ങളുടെ അഭാവം പുരോഗതിയിലേക്കുള്ള നമ്മുടെ പാതയെ തടഞ്ഞുവെച്ചിരിക്കുന്നു". [15]

പക്ഷേ, മനുഷ്യനിലുള്ള വിശ്വാസം ഉപേക്ഷിക്കാൻ അദ്ദേഹത്തിനു സാധിച്ചില്ല. അതേ പ്രബന്ധത്തിൽ അദ്ദേഹം എഴുതി:

> "ഭാഗ്യചക്രത്തിന്റെ പരിക്രമം തങ്ങളുടെ സാമ്രാജ്യമുപേക്ഷിച്ചു പോവാൻ ബ്രിട്ടീഷുകാരെ നിർബന്ധിക്കുന്ന ഒരു ദിവസം വരും".

തന്റെ ഈ പ്രവചനം യാഥാർത്ഥ്യമായിത്തീർന്ന ദിവസം കാണാൻ മനുഷ്യസ്നേഹിയായ ആ മഹാകവി ജീവിച്ചില്ല. ഇന്ത്യ സ്വതന്ത്രയാവുന്നതിന് ആറുവർഷങ്ങൾക്ക് മുമ്പ് അദ്ദേഹം താൻ സ്നേഹിച്ച ലോകത്തോട് അന്ത്യയാത്ര പറഞ്ഞു.

---

15. Ibid, P. 357.

## കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക് ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നതു്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണു് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതു്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണു്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണു് ഇവയിൽ ഏറ്റവും മുന്തിയതു്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 6

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. വിശിഷ്ടാദ്വൈതം, ദ്വൈതം, ദ്വൈതാദ്വൈതം
2. ശിവനും ശക്തിയും
3. ഏകതത്വവാദവും മതവിശ്വാസവും
4. ഇസ്ലാംമതവും പിൽക്കാല നാട്ടുവാഴിത്തവും
5. ഇസ്ലാമിലെ ഗൂഢാർഥവാദവും വിമതപ്രസ്ഥാനങ്ങളും
6. ഭക്തിപ്രസ്ഥാനം
7. ബ്രിട്ടീഷ് ഭരണം
8. പാശ്ചാത്യചിന്തയുടെ സ്വാധീനം
9. രാജാറാം മോഹൻ റായ്
10. സാമൂഹ്യപരിഷ്കാരവും മതപുനരുദ്ധാരണവും
11. സ്വാമി വിവേകാനന്ദൻ
12. ഇസ്ലാമിലെ പുനരുത്ഥാനവും നവോത്ഥാനവും
13. മിതവാദികളും തീവ്രവാദികളും
14. തീവ്രവാദികളുടെ തത്വശാസ്ത്രം
15. മതവും ദേശീയപ്രസ്ഥാനവും
16. രവീന്ദ്രനാഥ ടാഗോർ
17. ഇഖ്ബാൽ
18. മഹാത്മാഗാന്ധി
19. മാർക്സിസത്തിന്റെ സ്വാധീനം
20. ജവഹർലാൽ നെഹ്റു
21. സ്വാതന്ത്ര്യലബ്ധിക്കു ശേഷം
22. ഭാരതീയചിന്ത എങ്ങോട്ട്?


### വെബ് പതിപ്പ് കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10


സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014